# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 10/01/14

## (7 RABI'UL AWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

തന്റെ അനുയായികൾക്കെല്ലാം സമാധാനാഭിവാദനം അർപ്പിച്ചശേഷം ഹുസൂർ തശഹ്ഹുദ്, തഅവ്വദ്, സൂറ, അൽ ഫാത്തിഹ ഇവ ഓതിയ ശേഷം പറഞ്ഞു തുടങ്ങി.

സർവ്വശക്തനായ അല്ലാഹുവിൽ വിശ്വാസമില്ലാത്ത മനുഷ്യൻ അന്ധനാണ്. ആകാശഭൂമികളുടെ സ്യഷ്ടാവായ അല്ലാഹുവിന്റെ ഏകത്വത്തിന്റെ കൊടിക്കീഴിൽ മാനവസമൂഹത്തെ മുന്നോട്ട് നയിക്കുക എന്നതാണ് എല്ലാ മതങ്ങളുടെയും സത്ത. മനുഷ്യൻ മതത്തെ എങ്ങനെ ഉപയോഗപ്പെടുത്തുന്നു? അതുകൊണ്ട് തന്നെ മനുഷ്യന് ഒരു മുൻധാരണ ഉണ്ടായിരിക്കണം മതത്തെ ഞാൻ എങ്ങനെയാണ് നിർവചിക്കുന്നത് എന്ന്. അത് ഞാൻ എങ്ങനെയാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്. നിത്യജീവിതത്തിൽ ഉപയോഗിക്കേണ്ടതാണല്ലോ മതം. ശരിയായി നിർവചിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ മതം ഒരു ചിന്തമാത്രമായിരിക്കും. അതുകൊണ്ടാണ് സർവ്വശക്തനായ ദൈവം, താൻതന്നെ, ഇസ്ലാം മതത്തെ ഒരു ജീവനുള്ളമതം എന്നനിലയിൽ മുന്നോട്ടു കൊണ്ടുവന്നത്. ഇസ്ലാം ഒരു മതം മാത്രമല്ല, മനുഷ്യസമൂഹത്തിന്റെ , യഥാർത്ഥ പ്രവർത്തന രേഖ കൂടിയാണ്, പ്രത്യേകിച്ച് ദൈവദാസരുടെ അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനരേഖ. ആദം (അ) തുടങ്ങി, അവസാന നിയമ ഗ്രന്ഥവുമായി വന്ന മുഹമ്മദ് (സ) വരെ യുള്ള എല്ലാ പ്രവാചകന്മാരും മതത്തെ അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിലും ലക്ഷ്യത്തിലുമാണ് ദർശിച്ചത്. മതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യം ദൈവത്തെ പ്രാപിക്കുക എന്നതാണ്. (അല്ലാഹ് – മഹത്വമുടയവനും, പരിപൂർണ്ണനും, സർവ്വശക്തനുമായ ദൈവം – ഒരു മനുഷ്യനും ഈ പേരിന് അർഹനാവില്ല)

**<u>ഇസ്ലാം</u>**

അതുല്യനും, ജീവിച്ചിരിക്കുന്നവനുമായ, ദൈവത്തിന്, പരിപൂർണ്ണമായും അർപ്പണംചെയ്യുക. ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഇതുമാത്രമാണ്. കാലാരംഭം മുതൽ തന്നെ സ്യഷ്ടാവിനെ ആരാധിക്കുന്നതിൽ നിന്നും ശരിയായ പാതയിൽ നിന്നും വ്യതിചലപ്പിക്കുന്നതിനു സാത്താൻ പരിശ്രമം തുടങ്ങിയിട്ടുണ്ട്. സർവ്വശക്തനായ ദൈവം കാലങ്ങൾതോറും, വീണ്ടും വീണ്ടും താൻ തെരഞ്ഞെടുത്തവരെ, തന്റെ പ്രവാചകന്മാരെ, സന്ദേശവാഹകരെ , മതപരിഷ്കർത്താക്കളെ, സത്യപാതയിൽ നിന്നും വഴിതെറ്റിപോയവരെ നേർപാതയിൽ കൊണ്ടുവരുന്നതിനായി, നിയോഗിച്ചുകൊണ്ടിരിക്കുന്നു. അവർ സർവ്വശക്തനായ ദൈവത്തിന്റെ വചനങ്ങൾ പഠിപ്പിക്കുകയും, സ്യഷ്ടാവിന്റെ ദൃഷ്ടാന്തങ്ങൾ കാണിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചെയ്തുകൊണ്ടിരിക്കുന്നു. ആ ദൃഷ്ടാന്തങ്ങൾ തങ്ങളിലൂടെയും ആകാശഭൂമികളിലൂടെയും പ്രകടമാക്കി കൊണ്ടിരിക്കുന്നു. അതിലൂടെ അവർ ദൈവത്തെ അംഗീകരിക്കുന്നതിനും, അവന്റെ ശക്തി പ്രഭാവത്തെ മനസ്സിലാക്കുന്നതിനും ദൈവം നിലനില്ക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്നതിനും സത്യത്തിലും ദൈവപാതയിലും അവർ സഞ്ചരിക്കുന്നതിനു വേണ്ടി.

ദൈവീക വെളിപാടുകളിലൂടെ, അവർക്ക് മാർഗ്ഗദർശനം നല്കുന്നതിനായി സർവ്വശക്തനായ അല്ലാഹു തന്റെ ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. ഈ ദൈവീക വെളിപാടുകളിൽ ചിലത് വ്യക്തമായ നിയമങ്ങളായിരുന്നു. മറ്റു ചിലത് ദൈവീകബോധനങ്ങളായിരുന്നു. മനുഷ്യനെ ദൈവത്തിലേക്ക് വഴി കാണിക്കുന്നതിനുള്ള മാർഗ്ഗ

നിർദ്ദേശങ്ങളായിരുന്നു അവ. മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്ന രാജപാത എപ്പോഴൊക്കെ തകരാറിലാവുന്നുവോ അപ്പോഴൊക്കെ, ആ രാജപാത ശരിയാക്കുന്നതിന് താൻ തെരഞ്ഞടുക്കുന്ന ദൂതന്മാരെ നിയോഗിക്കുകയുംഅവർ പാതശരിയാക്കി ജനങ്ങളെ തങ്ങളുടെ സൃഷ്ടാവിലേക്ക് എത്തിക്കുകയും ചെയ്യുന്നു. ഇപ്രകാരം അല്ലാഹു താൻതന്നെ, തന്നിലേക്ക്, എത്തിച്ചേരാനുള്ള ഏർപ്പാട് ചെയ്തില്ലെങ്കിൽ, സൃഷ്ടികൾക്ക് തന്നിലേക്ക് എത്തിചേരാൻ കഴിയില്ല എന്നത് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു തന്നെയാണ്.

## ഇസ്‌ലാമിന്റെ ലക്ഷ്യം മാനവകുല സമാധാനം

ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യമായി ഇസ്‌ലാംവിവക്ഷിക്കുന്നത്, ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം ജീവിച്ചിരിക്കുന്നവനും, നിസ്തുല്യനുമായ, ദൈവത്തിനു വേണ്ടിയുള്ള പരിപൂർണ സമർപ്പണം ആകുന്നു. സർവ്വശക്തനായ ഏകന്റെ അസ്ഥിത്വത്തെ വണങ്ങുന്നതിലൂടെ മാനവകുലത്തിനെ ആകമാനം സമാധാനത്തിലും , സൗഹാർദ്ദത്തിലും കൊണ്ടുവരുക എന്നതാണ് ഇസ്‌ലാം ലക്ഷ്യമിടുന്നത്.

കാലാരഭംമുതൽ പിശാച് മനുഷ്യനെ സത്യപാതയിൽ നിന്ന് മാറ്റുവാൻ ശ്രമിച്ചിട്ടുണ്ട്. അതായത് തന്റെ സൃഷ്ടാവും സർവ്വശക്തനുമായ അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ അവന്റെ ശ്രമം എന്നും തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെ സൃഷ്ടികൾ സത്യപാതയിൽ നിന്ന് വ്യതിചലിക്കുമ്പോഴെല്ലാം നേർപാത കാണിക്കുന്നതിനായി കരുണാവാരിധിയായ ദൈവം, ദൈവദൂതൻമാരെ നിയോഗിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. സർവ്വശക്തനായ ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ മനുഷ്യരിലും ആകാശഭൂമികളിലും പ്രകടമാക്കുകയും ചെയ്യാറുണ്ട്. മനുഷ്യർ ദൈവത്തിന്റെ ശക്തി പ്രഭാവം മനസ്സിലാക്കുന്നതിനും ദൈവം നിലനില്ക്കുന്നു എന്നറിയുവാനും അവന്റെ പാതയിൽ സഞ്ചരിക്കുന്നതിനുമായിട്ടാണ് ഈ പ്രവർത്തി ആവർത്തിച്ചു കൊണ്ടിരിക്കുന്നത്.

## ദൈവത്തിലേക്കുള്ള ഹൈവേ

ദൈവീക വെളിപാടിലൂടെ സർവ്വശക്തനായ ദൈവം തന്റെ പ്രവാചകന്മാരെയും സന്ദേശവാഹകരെയും നിയോഗിക്കുന്നു. ചിലർ വ്യക്തമായ നിയമസംഹിതകളുമായി വരുന്നു, മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്നതിനുവേണ്ടി. ദൈവത്തിലേക്ക് എത്തേണ്ടവഴികൾ അടയുമ്പോഴെല്ലാം ആ വഴി തുറക്കുന്നതിനും കേടുപാടുകൾ ശരിപ്പെടുത്തുന്നതിനുമായി താൻ തന്റെ തെരഞ്ഞെടുത്ത ദൂതന്മാരെ പ്രസ്തുതകർത്ത്യവ്യനിർവ്വഹണത്തിനായി നിയോഗിക്കുന്നു. അപ്രകാരം ചെയ്തില്ലെങ്കിൽ തന്റെ ദാസന്മാർക്ക് തന്നിലേക്കെത്താൻ കഴിയില്ലെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുതന്നെയാണ്.

എല്ലാ പ്രവാചകന്മാരുടെയും മതം ഇസ്‌ലാം തന്നെ ആയിരുന്നു. അവസാന നിയമ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ, ഇസ്‌ലാം മതത്തെ സ്ഥാപിച്ചതും, ഇസ്‌ലാം മതമെന്ന് പേരുനൽകിയതും അല്ലാഹുതന്നെയാണ് എന്ന് അത് ഉത്ഘോഷിക്കുന്നു. മനുഷ്യന്റെ യഥാർത്ഥമതം ഇസ്‌ലാം ആകുന്നു. അത് അവനിൽ യഥാർത്ഥ വിശ്വാസം ഉണർത്തുന്നു. ആ വിശ്വാസം അവന് പരിപൂർണ്ണമായ ശാന്തിയും സമാധാനവും സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് നേരിട്ട് പ്രദാനം ചെയ്യുന്നു.

മുൻകാലങ്ങളിൽ അല്ലാഹു ദൂതന്മാരിലൂടെ നൽകിയ അധ്യാപനങ്ങളിൽ മനുഷ്യ കൈകടത്തലുകളുണ്ടായിട്ടുണ്ട്. ആയതിനാൽ അതിൽ ദൈവവചനം ഏത് മനുഷ്യരുടെ വചനം ഏത് എന്ന് തിരിച്ചറിയുവാൻ കഴിയാത്തവിധം അലങ്കോലപ്പെടുകയുണ്ടായി. അങ്ങനെ അല്ലാഹു പ്രവാചക പ്രഭുവായ മുഹമ്മദ് (സ) നെ എഴുന്നേല്പിച്ചു. മുൻകഴിഞ്ഞ വിശ്വാസങ്ങളെ നശിപ്പിക്കുവാനല്ല, യഥാർത്ഥവിശ്വാസത്തെ പുനസ്ഥാപിക്കുവാൻ അങ്ങനെ മനുഷ്യനെ ദൈവത്തിലേക്ക് മടക്കികൊണ്ടുവരുന്നതിന് സാധിച്ചു. വ്യക്ത മായ വെളിപാടുകളുടെയും നിയമസംഹിതകളുടെയും പിൻബലത്തിൽ. ആ നിയമങ്ങൾ മനുഷ്യകുലത്തിന്റെ, ശാരീരിക, ധാർമ്മി

ക, ആദ്ധ്യാത്മിക അവസ്ഥകൾ വിവരിക്കുന്ന നിധികുംഭങ്ങളായി മാറി.

മനുഷ്യജീവിതത്തിന്റെ സമസ്ത വശങ്ങളെയും സ്പർശിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. അതിലെ വാക്കുകളിലൂടെ കടന്നുവരുന്ന പ്രകാശധാര തന്റെ ഉള്ളിലേക്ക് കടത്തിവിട്ടാൽ അവനിൽ വളരെവലിയ സ്വാധീനം ചെലുത്താതിരിക്കില്ല. ഒരുവന്റെ ജീവിതത്തിൽ സത്യം അന്വേഷിക്കുകയും അതു സ്വീകരിക്കുകയും ചെയ്താൽ അത് അവന്റെ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ദൈവത്തിന്റെ സത്യതയെകുറിച്ച് അന്വേഷിക്കുന്നത് ഒരു കാര്യമാണ്, എന്നാൽ അത് സ്വീകരിക്കുകയും അത് പ്രവർത്തിപഥത്തിൽ കൊണ്ടു വരുകയും ചെയ്യുക എന്നതിലാണ് കാര്യം.

മനുഷ്യന് മതം ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ മതത്തെ നശിപ്പിക്കുവാനും കഴിയുന്നതാണ്. ദൈവത്തിന്റെ യഥാർത്ഥ മതത്തെ മനുഷ്യസമുദായത്തിന് കാണിച്ചുകൊടുക്കുവാൻ ദൈവീക ഇടപെടലുകൾ ആവശ്യമായിവരുന്നത് അതുകൊണ്ടാണ്. ദൈവീക സഹായ ഉറപ്പിലും, വിശ്വാസത്തിലും, മനുഷ്യന് ശരിയായ പാതയിലൂടെ നീങ്ങുവാൻ സാധിക്കുന്നതാണ്. യഥാർത്ഥമായ ഇസ്‌ലാമിനെക്കാൾ ശ്രേഷ്ഠമായ മറ്റേതു മതമാണുള്ളത്. വിശ്വാസത്തോടെയും, സമാധാനത്തോടെയും, അതുല്യനായ ദൈവത്തിന് കീഴടങ്ങലാണത്.

ദൈവപ്രവാചകന്മാരും, ദൂതന്മാരും എപ്പോഴും അല്ലാഹുവിന് പരിപൂർണ്ണമായി സമർപ്പണം ചെയ്യുന്നവരായിരുന്നു. പരിപൂർണ്ണമായി സമർപ്പണംചെയ്യുന്നവരാകുന്നു. പരിപൂർണ്ണമായി സമർപ്പണംചെയ്യുന്നവരായിരിക്കും. എപ്പോഴൊക്കെ മനുഷ്യന് നേർപാത നഷ്ടമാകുന്നുവോ, അപ്പോഴൊക്കെ അവനെ വഴികാണിക്കുവാൻ ദൈവം ആളെ നിയോഗിക്കുന്നതാണ്. നിയോഗിതനാകുന്ന ആൾ, അവന് മാർഗ്ഗദർശനം നല്കുകയും, ശരിയായ ദിശകാണിക്കുകയും, അവനെ പഠിപ്പിക്കുകയും, അങ്ങനെ അവന്റെ ലക്ഷ്യമായ ദൈവത്തെ പ്രാപിക്കുവോളം അവനെ സഹായിക്കുകയും ചെയ്യുന്നു.

മനുഷ്യന് തന്റെ വഴി നഷ്ടമാകുമ്പോൾ , മതത്തിന് തെറ്റായ അർത്ഥം കല്പിക്കുമ്പോൾ, എല്ലാത്തിനെയും അതിജീവിക്കുന്ന ലോകനാഥൻ, തന്റെ വഴികാട്ടിയെ തന്റെ മാർഗ്ഗദർശനവുമായി നിയോഗിക്കുകയും, അവരുടെ തെറ്റുകൾ തിരുത്തുകയും, ശരിയായ പാത തുറന്നുകൊടുക്കുകയും ചെയ്യുന്നു. അങ്ങനെ അവരന്വേഷിക്കുന്ന അവരുടെ ദൈവത്തിന്റെ തിരുമുഖ ദർശനം സാധ്യമാകുന്നു.

മതത്തിലെ ദൈവികാധ്യാപനങ്ങൾക്കു പകരം പുതുതായി മനുഷ്യരുടെ ഇഷ്ടങ്ങൾക്കനുസരിച്ച് കൂട്ടിചേർക്കലുകൾ നടത്തുമ്പോൾ, അത്തരത്തിലുള്ള തെറ്റായ വചനങ്ങളെയും, ജനങ്ങളെയും, നശിപ്പിക്കുകയും , വീണ്ടും ദൈവരാജ്യത്തിലെ നിയമങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നതാണ്.

ജനങ്ങളാൽ ഇസ്‌ലാം ദുഷിപ്പിക്കപ്പെട്ടുവെങ്കിൽ, ഇസ്‌ലാമിനെ അല്ല കുറ്റപ്പെടുത്തേണ്ടത്, മറിച്ച് ഏതൊരു ജനതയാണോ അതിനെ കളങ്കപ്പെടുത്തിയത്, അല്ലെങ്കിൽ ദുർബലപ്പെടുത്തിയത്, അവരെയാണ് കുറ്റപ്പെടുത്തേണ്ടത്. അപ്രകാരം ഇസ്‌ലാമിനെ കളങ്കപ്പെടുത്തുമ്പോഴെല്ലാം, അല്ലാഹു തന്റെ ദീനിനെ ജീവിപ്പിക്കുന്നത്, കാലങ്ങൾ തോറും, വിധിനാൾ വരേക്കും, പരിഷ്കർത്താക്കളെ നിയോഗിച്ചു കൊണ്ടായിരിക്കും. ഇസ്‌ലാമിന്റെ പരിശുദ്ധതയും, സത്യവും, തന്റെ പ്രവാചകന്മാരുടെ സത്യതയും, അവസാന നിയമസംഹിതയുമായി വന്ന മുഹമ്മദ് മുസ്തഫ (സ) യുടെ മഹത്വവും ലോകത്ത് നിലനിർത്തുന്നതിന് , ഇസ്‌ലാമിന്റെ പരിപൂർണ്ണ സൗരഭ്യം ലോകത്ത് വ്യാവിപ്പിക്കുവാൻ അവതാരങ്ങൾ വന്നു കൊണ്ടേയിരിക്കും.

അല്ലാഹുവിന്റെ ഇംഗിതത്തിന് നമ്മൾ അർപ്പണം ചെയ്യുന്നില്ലെങ്കിൽ, പിന്നെ നമുക്കെന്താണുള്ളത് ? സാത്താന്റെ പ്രേരണയ്ക്ക് വശംവദരരായി, വളരെപെട്ടെന്ന് നാം ശിക്ഷാ പാത്രങ്ങളായി മാറുന്നു. നമ്മുടെ ശരീരങ്ങളിലും, ഈ ലോകത്തും അവൻ (സാത്താൻ) കറങ്ങി നടക്കുകയാണ്. നമ്മുടെ സൃഷ്ടാവും, ജീവിതത്തെ പിന്താങ്ങുന്നവനുമായ അല്ലാഹുവിനെ, നമ്മുടെ ജീവിത ശരീരത്തിൽ നിന്നും, പറിച്ചുമാറ്റാൻ, അവസരം പാർത്തിരിക്കുകയാണവൻ.

ഒരു കുഞ്ഞ് തന്റെ മാതാവിന്റെ ഗർഭാശയവും തന്റെ പൊക്കിൾ കൊടിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു നാമെല്ലാം നമ്മുടെ ജീവിതത്തിന്റെ ഉറവിടവുമായി ബന്ധപ്പെട്ടിരിക്കണം എന്ന വസ്തുതയിലേക്കാണ്. ജീവിതത്തിന്റെ ഉറവിടം എന്നത് സർവ്വശക്തനായ അല്ലാഹുവാണ്, അവനുമായി ബന്ധം വിച്ഛേദിച്ചു കഴിഞ്ഞാൽ, നമുക്ക് ജീവിതമില്ല. നമ്മുടെ ശരീരം ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ, നമ്മിൽ ആത്മാവ് വസിക്കുന്നുണ്ട് എന്നാണർത്ഥം. ആത്മാവ് എപ്പോഴും ദൈവീകമായി ബന്ധിതമാണ്, അതുകൊണ്ട്തന്നെ ദൈവത്തിലേക്ക് മടങ്ങി പോകുവാൻ വെമ്പൽ കൊള്ളുന്നതുമാണ്. അത്തരത്തിലുള്ള ആത്മാക്കൾ നമ്മിൽ വസിക്കുന്നുവെങ്കിൽ, നാം ദൈവത്തിന്റെ സ്നേഹഭാജനങ്ങളായിമാറേണ്ടതാണ്. നാമെപ്പോഴും നമ്മുടെ അല്ലാഹുവിനെ കണ്ടുമുട്ടാൻ അഭിലഷിച്ചുകൊണ്ടിരിക്കുന്നവരായിരിക്കണം. നമ്മുടെ ആത്മാക്കളെ ഇഹലോഹ കാര്യങ്ങളിലേക്ക് തിരിച്ചുവിടാതിരിക്കാൻ ശ്രമിച്ചില്ലെങ്കിൽ നമ്മെ വിഡ്ഢികളാക്കിമാറ്റുന്നതാണ്. അങ്ങനെ നമ്മിൽ കുടികൊള്ളുന്ന ദൈവീകസത്ത നഷ്ടമാകുന്നു. അതിലൂടെ നമുക്ക് നമ്മുടെ ലക്ഷ്യം നഷ്ടമാകുന്നു. ആത്മാവും നഷ്ടമാകുന്നു. നമ്മുടെ ഇസ്ലാം നമ്മിൽ നിന്നും അപ്രത്യക്ഷമാകുന്നു. മനുഷ്യത്വമുള്ള മനുഷ്യൻ എന്ന സ്ഥാനത്തിനർഹതയില്ലാതാകുന്നു. ദൈവം നമുക്ക് പ്രഥമമായി നല്കിയ ഗുണമാണത്.

ഇക്കാലത്തെ മുസ്‌ലിംകൾ അമുസ്‌ലീകളുടെ കൈകളാൽ പീഡിതരായി തീരാനുള്ള ഒരേഒരുകാരണം, അവർ നല്ല മുസ്‌ലീകളായി തീരുന്നില്ല എന്നുള്ളതാണ്. അമുസ്‌ലിം ശക്തികൾ എല്ലാം ചേർന്നാലും മുസ്‌ലീം അധികാരകേന്ദ്രത്തിനു നേരെ വിരൽചൂണ്ടുവാൻ ധൈര്യപ്പെടാത്ത ഒരു കാലമുണ്ടായിരുന്നു. ഇന്നോ എല്ലാ മുസ്‌ലീം ശക്തികളും ചേർന്നാലും ഒരു ചെറിയ ശത്രുവിനെ പോലും നേരിടാൻ അവർ അശക്തരായിരിക്കുന്നു. പണ്ട് ഒരു മുസ്‌ലീം ശക്തിയേയും തൊടാൻ ധൈര്യപ്പെടാത്ത അമുസ്‌ലിം ശക്തികേന്ദ്രങ്ങളായിരുന്നു ഉണ്ടായിരുന്നത്. കാരണം തന്റെ മുസ്‌ലിം സഹോദരനെ തൊട്ടാൽ, മറ്റു മുസ്‌ലിം സഹോദരങ്ങൾ നോക്കിയിരിക്കില്ല എന്ന തോന്നലുള്ളകാലം ഉണ്ടായിരുന്നു.

ഇന്ന് മുസ്‌ലിംകൾ പരസ്പരം പോരാടുകയാണ്. രണ്ട് മുസ്‌ലിം രാഷ്ട്രങ്ങൾ തമ്മിൽ ഘോരയുദ്ധമാണു നടന്നത്. ഓരോ രാഷ്ട്രവും തന്റെ മുസ്‌ലിം സഹോദര രാഷ്ട്രത്തിലുള്ള എല്ലാ വസ്തുവകകളും ഉന്മൂലനാശം വരുത്തുവാൻ കഠിനമായി ശ്രമിക്കുകയാണുണ്ടായത്.

ജ്ഞാന വിജ്ഞാനങ്ങളുടെ ഉറവിടമായി വിലസിയ ഒരു കാലം മുസ്‌ലിംകൾക്കുണ്ടായിരുന്നു. അമുസ്‌ലിം ജനത, അത്തരം വൈജ്ഞാനിക കേന്ദ്രങ്ങളിൽ വരുകയും വിദ്യആർജിക്കുകയും ചെയ്തിരുന്ന ഒരുകാലമുണ്ടായിരുന്നു. ഇന്നത്തെ ലോകം മുസ്‌ലിം എന്നവാക്കിന് മറ്റ് ചില അർത്ഥം കൂടി നല്കുന്നു- അതായത് മുസ്‌ലിം എന്നാൽ **വിവരമില്ലാത്തവൻ** എന്നാണത്. മറ്റൊരർത്ഥം കൂടി നൽകുന്നു. മുസ്‌ലിം എന്നാൽ **പിന്നോക്കം നില്ക്കുന്നവൻ** എന്നാണത്.

ഒരു കാലമുണ്ടായിരുന്നു, ഒരു മുസ്ലിം അല്ലാഹുവിനെ ഭയപ്പെടുന്ന (കാലം). വിശുദ്ധഖുർആന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്ന (ഒരുകാലം), സുന്നത്ത് അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു കാലം, അല്ലാഹുവും അവന്റെ പ്രവാചകനും നിരോധിച്ചതിൽ നിന്ന് വിട്ടുമാറിനിൽക്കുന്ന ഒരു കാലം. ഇന്ന് ഒരു മുസ്‌ലിം ചൂതാട്ടത്തിൽ വെറുപ്പ് കാണിക്കുന്നില്ല എന്നു മാത്രമല്ല, ചൂതാട്ടത്തിലൂടെ ലക്ഷക്കണക്കിന് ഡോളറുകൾ, യൂറോകൾ, രൂപാകൾ, വെച്ചുകളിക്കുന്നത് അഭിമാനമായി കരുതുന്നവരുണ്ട്. വിശുദ്ധ ഖുർആന്റെ കല്പനകളെ അവഗണിച്ചുകൊണ്ട്, ഒറ്റ രാത്രികൊണ്ട് , ചൂതാട്ട കേന്ദ്രങ്ങളിൽ , ലക്ഷങ്ങൾ തകർക്കുന്ന മുസ്‌ലിംകൾ.

വളരെ ചെറിയ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ, ഒരു മുസ്‌ലിം വിഭാഗം മറ്റൊരു മുസ്‌ലിം വിഭാഗത്തിന്നെതിരിൽ, തീഷ്ണമായനിലപാടുകൾ സ്വീകരിക്കുകയും, അതേതുടർന്ന്, ഒരു മുസ്‌ലിം വിഭാഗം മറ്റൊരു മുസ്‌ലിം വിഭാഗത്തിന്റെ രക്തം ചിന്തുകയും ചെയ്യുന്ന ഹീനമായ പ്രവർത്തി തുടരുന്നു.

**<u>കബ്റിൽ പ്രാർത്ഥന</u>**

ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്നത് നാവുകൊണ്ടുള്ള പറച്ചിൽ മാത്രമായിതീർന്നിരിക്കുന്നു. മുസ്‌ലിംകൾ മഹാന്മാരുടെ ഖബറുകളിൽ ചെല്ലുകയും, അവിടെ നമിക്കുകയും , അവർക്ക് അനുഗ്രഹം ചെയ്യാനായി അർത്ഥിക്കുകയും, അതുപോലെ കുട്ടികളെ പ്രദാനം ചെയ്യാനും മറ്റു അർത്ഥിക്കുന്നതിൽ ഒരു തെറ്റും അവർ കാണുന്നില്ല.

സാമൂഹ്യമായും, ധാർമ്മികമായും, ആത്മീയമായും മുസ്‌ലിംകൾ വളരെയധികം അധപതിച്ചതിനുള്ള അനേകം ഉദാഹരണങ്ങൾ പറയുവാനുണ്ട്. ചുരുക്കി പറയുകയാണ്. ഇസ്‌ലാമിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരീക്ഷണ കാലഘട്ടത്തിലൂടെയാണ് നാം കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ ഏറ്റവും വലിയ വെല്ലുവിളി, മുസ്‌ലിംകൾ, മുസ്‌ലിംകൾ അല്ലാത്തവരെ, ഇസ്‌ലാമിലേക്ക് കൊണ്ടു വന്നുകൊണ്ടിരുന്നതിനു പകരം, ഇപ്പോൾ, മുസ്‌ലിംകൾ, ഇതാ– കൂട്ടത്തോടെ ക്രീസ്തുമതത്തിലേക്ക് പൊയ്കൊണ്ടിരിക്കുന്നു.

ഇസ്‌ലാം ഉപേക്ഷിച്ചു പോകുന്ന ഈ മുസ്‌ലീംകൾ, ഇസ്‌ലാമിന്റെ ഏറ്റവും വലിയ ശത്രുക്കളായി മാറുന്നു. ഇസ്‌ലാമിനെ ആക്രമിക്കുവാൻ അവർ മുൻനിരയിലുണ്ട്.

നോഹയുടെ കാലത്തെ മഹാ ജലപ്രളയം പോലെ, ഇസ്ലാമിനെ, അപ്പാടെ വീഴുങ്ങാൻ പോകുന്ന, ഈ ഭയാനകമായ സാഹചര്യത്തിൽ, ഈ സാഹചര്യത്തെ നേരിടാൻ ഒന്നും ചെയ്യാതെ അല്ലാഹു നോക്കിയിരിക്കുമെന്നു കരുതുന്നുണ്ടോ? ഇല്ല, ഒരിക്കലുമില്ല.

ഈ ലോകത്തിന്റെ നീണ്ടചരിത്രത്തിൽ, ഏറ്റവും മഹത്തായ ഒരേഒരു സംഭവം, ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകനായ മുഹമ്മദ് (സ) ന്റെ ആഗമനം ആയിരുന്നു. പ്രകാശം നല്കുന്ന വിളക്കായിട്ടാണ് അദ്ദേഹത്തിന്റെ അവതാരം. മുഹമ്മദ് (സ) പറഞ്ഞു.

**“ലോകാവസാനത്തിന് ഒരേഒരു ദിവസമാത്രമെ ബാക്കിയുള്ളുവെങ്കിലും, അല്ലാഹു ആ ദിനത്തിന് ദൈർഘ്യം നല്കുകയും, അവന്റെ വാഗ്ദത്ത മസീഹിനെയും മഹ്ദിയേയും ആഗതരാക്കുകയും ചെയ്യുന്നതാണ്. (അബൂദാവൂദ് വാള്യം 2 കിത്താബുൽ മഹ്ദി)”**

മറ്റൊരുവാക്കിൽ  പറഞ്ഞാൽ, മഹ്ദിയുടെ ആഗമനം വളരെ പ്രധാനപ്പെട്ടതാണ്. ഈ ലോകാവസാനം മുമ്പ്, അല്ലാഹു ഈ ലോകത്തെ സൃഷ്ടിച്ചതിന്റെ ലക്ഷ്യങ്ങളിൽപ്പെട്ട, മഹ്ദിയുടെ ആഗമനം തീർച്ചയായും ഉണ്ടാകേണ്ടതാണ്.

ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമും ഈ വിനീതനും ഇന്ന് ഇവിടെ നിലനില്ക്കുന്നത്, ഒരുദ്ദേശ്യവും ലക്ഷ്യവും ഇല്ലാതെയല്ല. ലോകത്തിലെ ബഹുഭൂരിഭാഗം ജനങ്ങളും ഇസ്‌ലാമിനെ ഒരു തമാശയായി കണ്ടിരിക്കുകയാണ്, ഇസ്‌ലാമിന്റെ യഥാർത്ഥ സത്തയിൽ സ്പർശിക്കാത്ത മുസ്‌ലിംകളുടെ അവസ്ഥയും അതു തന്നെ. ആയതിനാൽ അല്ലാഹു വീണ്ടും വെളിപാടുകൾ ഇറക്കുകയും കല്പനകൾ പുറപ്പെടുവിക്കുകയും ചെയ്തിരിക്കുകയാണ്. യഥാർത്ഥ ഇസ്‌ലാമിനെ ലോക സമക്ഷം അവതരിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമായി. യഥാർത്ഥ മതം ഇസ്‌ലാം മത്രമാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ഒരു മതമല്ല, എന്നാൽ ഇത് ജനങ്ങളെ യഥാർത്ഥ ഇസ്‌ലാമിലേക്ക് നയിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാണ്. അതുകൊണ്ടാണ് അവൻ വെളിപ്പെടുത്തിയപേരുകളിൽ നിന്ന് ഏറ്റവും ഉചിതമായ പേര് അവന്റെ (അല്ലാഹുവിന്റെ) ജമാഅത്തിന്നായി നല്കിയത്. യഥാർത്ഥ ഇസ്‌ലാമിലേക്ക് ജനങ്ങളെ മടക്കിക്കൊണ്ടുവരുന്നതിന്, ഈ നൂറ്റാണ്ടിൽ ഉയർത്തിയ ദൈവീക ദൃഷ്ടാന്തമാണിത്.

ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകന്റെയും, അനുചരന്മാരുടെയും, ചെറു പ്രാതിനിധ്യം വഹിക്കുന്നവരാണ് നമ്മൾ. നമ്മുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി, അവരുടെ പൂർണ്ണതയെ നമ്മിലൂടെ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഈ ലോകത്തെ പ്രകാശിപ്പിക്കുന്നതിന് തന്നിലൂടെ, ആ പ്രകാശധാര ചൊരിയുകയുണ്ടായി. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച സൃഷ്ടാവിനെ മാത്രമെ ആരാ

ധിക്കാവൂ എന്ന സത്യം ലോകത്തിലുള്ള സകലമാന മനുഷ്യരെയും അറിയിക്കുകയുണ്ടായി. അതിനായി തന്റെ അനുചരന്മാരെ ഭരമേല്പിക്കുകയുമുണ്ടായി. നാം അദ്ദേഹത്തെ പിന്തുടരുന്നില്ലെങ്കിൽ, അദ്ദേഹത്തിൽ നിന്നും നാം ബന്ധം വിച്ഛേദിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അദ്ദേഹം മനുഷ്യ ഹൃദയങ്ങളിൽ നട്ട ഇസ്‌ലാമിന്റെ വേരുകളെ പിഴുതെറിയുകയാണെങ്കിൽ, നാം തീർച്ചയായും ശിക്ഷാ പാത്രങ്ങളായി മാറുന്നതാണ്. ഇസ്‌ലാമാകുന്ന ജീവിത വൃക്ഷത്തിൽ നിന്നുമാത്രമെ നമുക്കാവശ്യമുള്ള പ്രാണവായു ലഭിക്കുകയുള്ളൂ. ഏറ്റവും പരിശുദ്ധമായ നിലയിൽ, മനുഷ്യസമൂഹം, തങ്ങളുടെ സൃഷ്ടാവിലേക്ക് എത്തുവാനുള്ള ഒരു പുതു യുഗ വെളിച്ചമാണ് അദ്ദേഹം ലോകത്തിനു നല്കിയത്.

പേരിൽമാത്രം അറിയപ്പെടുന്ന മുസ്‌ലിംകൾ, യഥാർത്ഥ മുസ്‌ലിംകളായി ഒന്നായിതീരണം. ഇസ്‌ലാം ജീവനുള്ള മതമാണ്. ഈ നൂറ്റാണ്ടിലേക്ക് അല്ലാഹുവിന്റെ ഖലീഫ എത്തിച്ചേർന്നിരിക്കുന്നു. നിങ്ങളുടെ ആത്മീയ മരണത്തിൽ നിന്നും ജീവിപ്പിക്കുവാൻ, നിലവിലുള്ള സാഹചര്യങ്ങൾ വിശദീകരിക്കുവാൻ, നമ്മുടെ ഇസ്‌ലാമിനെ സംരക്ഷിക്കുവാൻ; ഈ ലോകത്തിലെ പിശാചുക്കളുടെ ഹാസ്യോപകരണങ്ങൾ ആകാതിരിക്കുവാൻ, അവർ നമ്മുടെ വിശ്വാസങ്ങളെ തകർക്കുവാൻ തക്കം പാർത്തിരിക്കുന്നവരാണ്; അല്ലാഹുവിലുള്ള വിശ്വാസം തകർക്കുവാൻ തക്കംപാർത്തിരിക്കുന്നവരാണ്; അല്ലാഹുവിലുള്ള വിശ്വാസം തകർക്കുവാൻ ശ്രമിക്കുകയാണ്. മുഹമ്മദ് (സ) ൽ ഉള്ള വിശ്വാസം നഷ്ടപ്പെടുത്തുവാൻ ശ്രമിക്കുകയാണ്; ജീവിച്ചരിക്കുന്ന ഇസ്‌ലാമിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുവാൻ ശ്രമിക്കുകയാണ്.

അല്ലാഹു (ത) അവന്റെ അപാരമായ ശക്തി പ്രഭാവത്താൽ നമ്മെ സഹായിക്കട്ടെ, നമ്മെ പിൻതാങ്ങട്ടെ, നമുക്ക് സംശുദ്ധമായ ലക്ഷ്യ പ്രാപ്തി നല്കി അനുഗ്രഹിക്കട്ടെ. ഇൻഷാ അല്ലാഹ്. ആമീൻ 1

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*